# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1324 11.06.2019-ൽ മറുപടിക്ക്**

**പ്ലസ് വൺ സീറ്റുകളുടെ എണ്ണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ ക്ലാസ്സിലേക്ക് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപേക്ഷകരുള്ള മലപ്പുറം ജില്ലയിൽ അപേക്ഷിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) ഉം (ബി) | മലപ്പുറം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | പ്ലസ് വണ്ണിലേക്കു ആവശ്യമായ സീറ്റിന്റെ കാര്യത്തിൽ രക്ഷിതാക്കളിലും കുട്ടികളിലും ഒപ്പം അധ്യാപകരിലും നിലനിൽക്കുന്ന ആശങ്കയകറ്റുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ; | | |
| (സി) | മലപ്പുറം ജില്ലയിലെ നിലവിലെ പ്ലസ് വൺ സീറ്റുകൾ എത്രയെന്നും പുതുതായി എത്ര സീറ്റുകൾ അനുവദിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ 61074 സീറ്റുകളാണുള്ളത്. പുതുതായി സീറ്റുകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ എണ്ണവും കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.